# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2193

17.06.2014-ൽ മറുപടിക്ക്

## 'എല്ലാവർക്കും വീട്' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ:<br>,, വർക്കല കഹാർ;<br>,, വി. ഡി. സതീശൻ;<br>,, അൻവർ സാദത്ത്; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി 'എല്ലാവർക്കും വീട്' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും<br>മിഷൻ 676-ൽ ഉൾപ്പെടുത്തി 'എല്ലാവർക്കും വീട്' എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി സാമ്പത്തികമായി ദുർബല വിഭാഗം/ഇടത്തരം വരുമാന വിഭാഗക്കാർ എന്നിവർക്ക് ഗൃഹശ്രീ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 5000 വീടുകളും സാഫല്യം ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 1288 ഫ്ലാറ്റുകളും കോഴിക്കോട് ശാന്തിനഗർ കോളനി പുനരധിവാസ പദ്ധതിയിൽ (രണ്ടാം ഘട്ടം) ഉൾപ്പെടുത്തി 115 വീടുകളുടെ നിർമ്മാണവും 25 വീടുകളുടെ അറ്റകുറ്റപ്പണിയും സങ്കേതം ഭവന പദ്ധതി പ്രകാരം 300 യൂണിറ്റുകളും പുതിയ ഭവന പദ്ധതികളായ സൗഭാഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 10000 പേർക്ക് വീടുകളും പഞ്ചായത്തുകളുമായി ചേർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന ഭവന പദ്ധതിയായ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 100000 വീടുകളും നിർമ്മിച്ച് നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | |
| (സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; | |
| (ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | |

സെക്ഷൻ ഓഫീസർ